LIBRARY ARCHIVES Kerala Legislative Assembly

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം രേഖയിലുള്ളതുകൊണ്ട് ഒരു കാര്യം പറയുകയാണ്. ഒന്ന്, ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് നടത്തിയാൽ അതിനെ പ്രതിപക്ഷ നേതാവായാലും മറ്റ് ഏതംഗമായാലും ചോദ്യം ചെയ്യുന്നത് തെറ്റായ രീതിയാണ്. രണ്ടാമത്തേത്, ഇന്നലെ പറഞ്ഞത് ചട്ടം തന്നെയാണ്, ചട്ടം വായിക്കുകയാണ് ചെയ്തത്. ചട്ടം 73 പറയുന്നത് ഫിനാൻഷ്യൽ മെമ്മോറാണ്ടം കണക്കുകൾ ഉണ്ടാകുന്നതിന്റെ ഭാഗമാണ്. ചെലവ് ഇല്ലാത്തതുകൊണ്ട് അത് ഉൾപ്പെടുത്തിയിട്ടില്ല എന്ന വിശദീകരണമാണ് ഞാൻ നൽകിയിട്ടുള്ളത്. ഇന്നലെയും ഇന്നും വായിച്ചത് ചട്ടങ്ങളാണ്. അതാണ് ശരിയായ ചട്ടങ്ങളായി രേഖയിലുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

IV. സബ്മിഷൻ

(1) മിനി ഡാം പുനർനിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലൻകാവ് മിനിഡാം പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. 2018-ലെ പ്രളയത്തിൽ പ്രസ്തുത ഡാം തകർന്നുപോകുകയും ഉരുൾപൊട്ടലിന്റെ ഭാഗമായി കൃഷിഭൂമിയൊക്കെ മണ്ണുമൂടിയ അവസ്ഥയുമുണ്ടായി. അതിനുശേഷം അത് പുനർനിർമ്മിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി മൈനർ ഇറിഗേഷൻ വകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് പ്രഖ്യാപനവും നടത്തിയതാണ്. ഇതിന്റെ ഗൗരവാവസ്ഥ എനിക്കുമുമ്പ് ആ മണ്ഡലത്തെ പ്രതിനിധീകരിച്ച ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഈ സഭയിൽ ബോദ്ധ്യപ്പെടുത്തിയതാണ്. എന്നാൽ നാളിതുവരെ അത് പുനർനിർമ്മിച്ചിട്ടില്ല. പത്തര ഏക്കറാണ് ഈ സ്ഥലത്തിന്റെ വിസ്തൃതി. അതിനടുത്തായി ഏകദേശം പത്ത്, മുന്നൂറ് ഏക്കറോളം സ്ഥലം കൃഷി ഭൂമിയാണുള്ളത്. നൂറോളം കർഷക കുടുംബങ്ങൾ ഇന്ന് വല്ലാത്ത ബുദ്ധിമുട്ടിലാണ്. നെല്ല്, തെങ്ങ്, വാഴ തുടങ്ങിയവയാണ് അവിടെ കൃഷി ചെയ്യുന്നത്. 2018-നുശേഷം വല്ലാതെ ബുദ്ധിമുട്ടി വയൽ നികത്തി അവർ ഒരുവിധം കൃഷി ചെയ്തുകൊണ്ടിരുന്നെങ്കിലും ഓരോ കാലത്തും പെയ്യുന്ന മഴയത്ത് കുത്തിയൊലിച്ചുവരുന്ന മലവെള്ളം അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചുകൊണ്ട് ആ വയലാകെ മൂടുകയാണ്. വളരെ മനോഹരമായി, സുന്ദരമായി സമാധാനത്തോടുകൂടി ജീവിച്ച ഒരു ഗ്രാമം ഇന്ന് കണ്ണീരും കയ്മയായി കഴിയുകയാണ്. ഡാം നിർമ്മിക്കാത്തതിനാൽ ഒരു ഭാഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

മലവെള്ളപ്പാച്ചിൽ ആ പ്രദേശത്തെയാകെ നശിപ്പിക്കുമ്പോൾ മറുഭാഗത്ത് ആനയും പുലിയുമുൾപ്പെടെയുള്ള വന്യമൃഗങ്ങൾ അവരെ വേട്ടയാടുകയാണ്. ആ പ്രശ്നത്തിന് തൽക്കാലം പരിഹാരമുണ്ടാകില്ലെന്ന് എനിക്കറിയാം. എന്തായാലും ഡാമെങ്കിലും പുനർനിർമ്മിച്ച് ആ പാവപ്പെട്ടവരെ രക്ഷിക്കാനാവശ്യമായ നടപടി ഉടൻ കൈക്കൊള്ളണമെന്ന് ഞാൻ വളരെ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ തകർന്നുപോയതാണ്. ഇത് പുനർനിർമ്മിക്കുന്നതിന് NABARD-RIDF (National Bank for Agriculture and Rural Development - Rural Infrastructure Development Fund) XXV-ാം വിഹിതത്തിലുൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നബാർഡിന് സമർപ്പിച്ചിരുന്നെങ്കിലും ആയതിന് നബാർഡ് അംഗീകാരം നൽകിയില്ല. തുടർന്ന് പാലക്കാട് ചെറുകിട ജലസേചന ഉപവിഭാഗം ഈ മിനിഡാമിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശവും ആയക്കെട്ട് പ്രദേശവും പരിശോധിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയുമാണ്. പ്രസ്തുത എസ്റ്റിമേറ്റിൽ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്നുപോയ രണ്ട് ബണ്ടുകൾ ബലപ്പെടുത്തുന്നതിനും മിനിഡാമിന്റെ പുനർനിർമ്മാണത്തിനുമ്പർ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുമാണ് മുഖ്യമായും ഊന്നൽ നൽകിയിരിക്കുന്നത്. കൂടാതെ പ്രളയത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്ത് മിനിഡാമിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് ഏറെ താമസംകൂടാതെ തന്നെ ലഭ്യമാകും. അതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രളയകാലത്ത് കാർഷിക മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങളും വന്യമൃഗങ്ങളുടെ ശല്യവുമെല്ലാം നേരിടുന്ന ഒരു പ്രദേശമെന്നുള്ള നിലയിൽ സജീവമായിട്ടുള്ള പരിഗണന നൽകണമെന്ന് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്.

(2) ഭാരതപ്പുഴ സംരക്ഷണം

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഭാരതത്തിന്റെ പേരിൽ രാജ്യത്ത് അറിയപ്പെടുന്ന പുഴയാണ് ഭാരതപ്പുഴ. 269 കിലോമീറ്റർ ദൂരത്തിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലൂടെ ഒഴുകി പൊന്നാനി വഴിയാണ് ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്നത്. ഇതിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും ഞാൻ വിശദീകരിക്കുന്നില്ല. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 27 കുടിവെള്ള